**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1832** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഇ ബസുകൾ നിർമ്മിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എ . പി . അനിൽ കുമാർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇ ബസുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും കൺസൾട്ടൻസി കമ്പനിയെ സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരുന്നോ; ഈ കമ്പനിയെ തെരഞ്ഞെടുത്തത് മാനദണ്ഡങ്ങൾ പാലിച്ചാണോ എന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിനായി 07/11/2019 ലെ സ.ഉ(സാധാ) നം.515/2019/ഗതാ പ്രകാരം പി.ഡബ്ല്യൂ.സി എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. Toshiba, Arrival, HESS, Hitachi, Seimens, ABB തുടങ്ങിയ കമ്പനികൾ വ്യവസായ വകുപ്പുമായും, ഗതാഗത വകുപ്പുമായും ചർച്ചകൾ നടത്തുകയും കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് താല്പര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പ് നിർദ്ദേശിച്ച പ്രകാരം NICSI അംഗീകൃത കൺസൾട്ടന്റുകളിൽ നിന്നും ടെൻഡർ വിളിക്കുകയും ബസ് പോർട്ട്, ലോജിസ്റ്റിക് പോർട്ട്, ഇ-മൊബിലിറ്റി എന്നീ മൂന്നു മേഖലകളിലായി അഞ്ച് കൺസൾട്ടൻസികളിൽ നിന്നും മൂന്ന് കൺസൾട്ടന്റുകളെ തിരഞ്ഞെടുത്തു. ധനകാര്യ, വ്യവസായ വകുപ്പിന്റെ നിർദ്ദേശത്തെ അടിസ്ഥാനമാക്കി ദക്ഷിണ മേഖലയിൽ ഇ-മൊബിലിറ്റി കൺസൾട്ടന്റായി തിരഞ്ഞെടുക്കപ്പെട്ട പി.ഡബ്ല്യൂ.സി-യെ (KDISC- engage ചെയ്ത consultant ആയ) സംസ്ഥാനത്ത് Electric Vehicle manufacturing eco system സംബന്ധിച്ച് പഠിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നു. |
| (ബി) | ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ കമ്പനിയുമായി ഹെസ്സ് പ്രതിനിധികൾ ചീഫ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഇലക്ട്രിക്ക് ബസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലന്റിലെ ഹെസ് എന്ന കമ്പനിയുടെ പ്രതിനിധികൾ 17/02/2020 ന് ചീഫ് സെക്രട്ടറി യുമായി ചർച്ച നടത്തുകയും 2020 മാർച്ച് അവസാനത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ പി.ഡബ്യൂ.സി-യോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതേ സമയം |

| | | | |
|---|---|---|---|
| | | | കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന് ഒരു ചേസിസ് ഇറക്കുമതി ചെയ്ത് ഹോമോലോഗേഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുവാനും കാലതാമസം ഒഴിവാക്കി ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരം നേടാമെന്നും യോഗം വിലയിരുത്തിയിരുന്നു. തുടർന്ന് 2020 ഏപ്രിൽ അവസാനത്തോടെ KAL ധാരണാപത്രം ഒപ്പുവെക്കുവാനും യോഗം തീരുമാനിച്ചിരുന്നു. എന്നാൽ പി.ഡബ്ല്യൂ.സി-യുമായി കരാർ ഒപ്പിടാത്തതിനാൽ DPR തയ്യാറാക്കുവാൻ കഴിഞ്ഞിട്ടില്ല. |
| (സി) | സംസ്ഥാനത്തിന്റെയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ അധീനതയിലുള്ള ഭൂമി ഹെസ്സ് കമ്പനിക്ക് കരാർ അടിസ്ഥാനത്തിൽ വിട്ടു നൽകാൻ തീരുമാനമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | ഈ വിഷയത്തിൽ ഗതാഗത വകുപ്പിൽ നിന്ന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ